No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

## ആർക്കിടെക്ചർ കോഴ്സിലെ ഒന്നാംഘട്ട അലോട്ട്മെന്റിലേക്കും എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ രണ്ടാംഘട്ട അലോട്ട്മെന്റിലേക്കും ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2020–ലെ ആർക്കിടെക്ചർ കോഴ്സിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിലേക്കും എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ 12.10.2020–ന് ആരംഭിച്ചു. ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയ കോഴ്സുകളിലേയ്ക്കും, ഫാർമസി വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്കും അലോട്ട്മെന്റ് നടത്തുന്നതാണ്. പുതുതായി ഉൾപ്പെടുത്തിയ കോഴ്സുകളിലേയ്ക്കും, കോളേജുകളിലേക്കും ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും നിലവിൽ ഓപ്ഷനുകൾ ഉണ്ടെങ്കിൽ അവ ക്രമീകരിക്കുന്നതിനും ഈ ഘട്ടത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്. ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം **12.10.2020 മുതൽ 14.10.2020, വൈകിട്ട് 5.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'candidate portal' ൽ ലഭ്യമാണ്. സർക്കാരും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജ് മാനേജമെന്റുകളുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഏതാനും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ നിശ്ചിത ശതമാനം സീറ്റുകളിലെ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടയിലേയ്ക്കും ഈ ഘട്ടത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. ഈ ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും പ്രസ്തുത ക്വാട്ടാ സീറ്റുകൾ ലഭ്യമായ കോളേജുകളിലേയ്ക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്.
(ഇതു സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക)

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
12.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**